## സ്കൂളുകൾക്കുള്ള മാലിന്യ മുക്ത കേരളം അവാർഡ്

'മാലിന്യമുക്തകേരളം' പരിപാടിയുടെ രണ്ടാം ഘട്ടം പ്രവർത്തനരേഖ രാഷ്ട്രപതി പ്രതിഭാ പാട്ടീൽ, കേരളപ്പിറവി ദിനമായ 2007 നവംബർ 1 ന് തിരുവനന്തപുരത്ത് പ്രകാശനം ചെയ്തു. 11-ാം പഞ്ചവത്സര പദ്ധതി യുടെ അവസാനത്തോടെ സംസ്ഥാനത്തെ മാലിന്യ മുക്തമാക്കുകയാണ് ലക്ഷ്യം. ഈ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് ഊർജ്ജിതായി മുന്നോട്ടു കൊണ്ടു പോകുന്ന സ്ക്കൂളുകൾക്ക് അവാർഡ് ഏർപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഒരു ജില്ലയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന 2 സ്കൂളുകൾക്ക് 20,000 രൂപയും, 2 സ്കൂളുകൾക്ക് 10,000 രൂപയും വീതം നൽകേണ്ടതാണ്. താഴെപ്പറയുന്ന ഘടകങ്ങളിൽ ബന്ധപ്പെട്ട നിലവാരം കൈവരിക്കുന്ന സ്ക്കൂളുകളെ അവാർഡ് നൽകുന്നതിന് പരിഗണിക്കുന്നതാണ്.

**<u>ഘടകങ്ങൾ</u>**

- ഖരമാലിന്യസംസ്കരണവും അതിന്റെ സംവിധാനങ്ങളും
- ദ്രവമാലിന്യസംസ്കരണ പ്രവർത്തനങ്ങൾ
- മനുഷ്യവിസർജ്ജ്യ സംസ്കരണം
- കുടിവെള്ളം
- സ്കൂൾ അടുക്കളയുടെയും പരിസരത്തിന്റെയും ശുചിത്വം

**താഴെ പറയുന്ന ഘടകങ്ങളും മാർക്കും അനുസരിച്ചു അവാർഡ് നിർണ്ണയിക്കുന്നതാണ്.**

| | | |
|---|---|---|
| i. | ഖരമാലിന്യ സംസ്കരണം | 20 |
| ii. | ദ്രവമാലിന്യസംസ്കരണം | 10 |
| iii. | മനുഷ്യവിസർജ്ജ്യത്തിന്റെ സംസ്കരണം | 20 |
| iv. | കുടിവെള്ള വിതരണം | 20 |
| v. | പരിസര ശുചിത്വം | 30 |
| | **ആകെ** | **100** |

സ്ക്കൂളുകളിൽ ഉണ്ടാകുന്ന ഖരമാലിന്യം വികേന്ദ്രീകൃതമായി വേർതിരിച്ചു ശേഖരിക്കുകയും, ശേഖരിച്ചവ സംസ്കരിയ്ക്കുന്നതിന് സ്വീകരിയ്ക്കുന്ന മാർഗ്ഗവും പ്രത്യേകം വിലയിരുത്തുന്നതാണ്. ജൈവ ജൈവേതര മാലിന്യത്തിന്റെ സംസ്കരണത്തിന് പൊതു സംവിധാനത്തെ പ്രയോജനപ്പെടുത്തുന്നതും സ്വന്തമായി സംസ്കരിയ്ക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയതും വിലയിരുത്തും.

ദ്രവമാലിന്യം പരിസരത്തേയ്ക്ക് ഒഴുക്കിവിടുകയാണോ, സംസ്കരിയ്ക്കാതെ ഓടയിലേയ്ക്കോ, തോടിലേയ്ക്കോ വിടുകയാണോ സംസ്കരിയ്ക്കുന്നതിന് സോക് പിറ്റ് പോലുള്ളതോ, സെറ്റ്ലിംഗ് ടാങ്കോ, മറ്റു ജലസേചന സൗകര്യങ്ങൾക്കോ പ്രയോജനപ്പെടുത്തുന്നുണ്ടോ എന്ന് പരിശോധിക്കുന്നതായിരിക്കും.

മനുഷ്യവിസർജ്ജ്യ സംസ്കരണത്തിന് സ്കൂളിൽ ആവശ്യമായ ടോയ്ലറ്റുകളും യൂറിനൽ സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ടോ, വൃത്തിയായി പരിപാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കും.

പെൺകുട്ടികൾക്ക് ഗേൾ ഫ്രെണ്ട്‌ലി ടോയ്‌ലറ്റുകൾ സ്ഥാപിച്ചിട്ടുണ്ടോ ആയവ വൃത്തിയായി പരിപാലിക്കുന്നുണ്ടോ എന്നും പരിശോധിക്കുന്നതാണ്.

കുടിവെള്ള ലഭ്യത, സ്കൂളിൽ അതിന് സ്വന്തമായി പൈപ്പോ, കിണറോ, മഴവെള്ള സംഭരണിയോ ഏർപ്പെടുത്തിയിട്ടുണ്ടോ, പൊതു സൗകര്യത്തിന് പുറമെ പ്രത്യേകമായി ക്ളാസ് മുറികൾക്കും മറ്റ് ആവശ്യങ്ങൾക്കും ഏർപ്പാട് ചെയ്തിട്ടുണ്ടോ, ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് സംവിധാനമുണ്ടോ എന്നും പരിഗണിക്കുന്നതായിരിക്കും.

സ്കൂളിലെ അടുക്കള വൃത്തിയായി സൂക്ഷിക്കുന്നുണ്ടോ, കൃത്യമായ ഇടവേളകളിൽ കഴുകി വൃത്തിയാക്കാറുണ്ടോ, കൈ കഴുകുന്നതിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ, അടുക്കളയുടെയും പൊതു സ്ഥലത്തിന്റെയും വൃത്തിയും വെടിപ്പും പ്രത്യേകം പരിശോധിയ്ക്കപ്പെടും.

സമ്പൂർണ്ണ ശുചിത്വ യജ്ഞം, സർവ്വ ശിക്ഷാ അഭിയാൻ തദ്ദേശ പദ്ധതി എന്നിവയിൽ സ്കൂളുകളിൽ നിർമ്മിയ്ക്കുവാനായി അനുവദിച്ചിട്ടുള്ള ശുചിത്വ പദ്ധതികൾ ഈ കാലയളവിൽ പൂർത്തിയാക്കുന്നതിനും നിർദ്ദേശം നൽകേണ്ടതാണ്.

**അപേക്ഷ സ്വീകരിക്കേണ്ട അവസാന തീയതി**

സ്കൂളുകളിൽ നിന്ന് അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി **2010 ഫെബ്രുവരി 15** ആണ്.

**അപേക്ഷ സമർപ്പിക്കേണ്ട സ്ഥലം**

അപേക്ഷകൾ ജില്ലാതലത്തിൽ DD (Edn) സ്വീകരിച്ച ശേഷം ഈ അപേക്ഷകൾ ജില്ലാ തല പരിശോധനയ്ക്കുവേണ്ടി ടി.എസ്.സി. ജില്ലാ കോർഡിനേറ്റർക്ക് കൈമാറേണ്ടതാണ്. ഇതോടൊപ്പമുള്ള നിശ്ചിത ഫോറത്തിലായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്.

**ജില്ലാ തല പരിശോധനാ ടീം**

ജില്ലാകളക്ടർ നിശ്ചയിക്കുന്ന 5 പേരടങ്ങുന്ന ടീമാണ് പരിശോധന നടത്തുന്നത്. ഈ പരിശോധനാ ടീമിൽ ADM അദ്ധ്യക്ഷനും, സമ്പൂർണ്ണ ശുചിത്വ യജ്ഞത്തിന്റെ ജില്ല കോ-ഓർഡിനേറ്റർ കൺവീനറും, ഒരു സാമൂഹ്യ പ്രവർത്തകൻ / പ്രവർത്തക, ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് ചെയർമാൻ / മുതിർന്ന അംഗം, വിദ്യാഭ്യാസ വകുപ്പ് പ്രതിനിധി എന്നിവർ അംഗങ്ങളും ആയിരിക്കും. ടീമിൽ കുറഞ്ഞത് ഒരു വനിത എങ്കിലും അംഗമായിരിക്കണം. പരിശോധനാ റിപ്പോർട്ട് ജില്ലാ തല അവാർഡ് നിർണ്ണയ കമ്മിറ്റിയ്ക്ക് നൽകേണ്ടതാണ്.

**ജില്ലാ തല അവാർഡ് നിർണ്ണയ കമ്മിറ്റി**

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ കളക്ടർ, ഡിഎംഒ, ഡിഡി (Edn), ജില്ലാ സോഷ്യൽ വെൽഫയർ ഓഫീസർ, ജില്ലാ സാങ്കേതിക സമിതിയുടെ അദ്ധ്യക്ഷൻ, പ്രസ്ക്ളബ് സെക്രട്ടറി / പ്രസിഡന്റ് റ്റി.എസ്സ്.സ്സി.കോർഡിനേറ്റർ (കൺവീനർ) അടങ്ങിയ സമിതിയായിരിക്കും അവാർഡുകൾ നിശ്ചയിച്ച് പ്രഖ്യാപിക്കുന്നത്.